**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **23-02-2022 - ൽ മറുപടിയ്ക്ക്**

**ബാങ്ക് എന്ന വാക്ക് നീക്കം ചെയ്യാനുള്ള നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കിംഗ് നിയന്ത്രണ ഭേദഗതിയുടെ ചുവട് പിടിച്ച് സർവ്വീസ് സഹകരണ ബാങ്കുകളുടെ പേരിനൊപ്പമുള്ള ബാങ്ക് എന്ന വാക്ക് ഒഴിവാക്കുവാൻ റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പാക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ടി ഭേദഗതി നിയമപ്രകാരം bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. |
| (ബി) | റിസർവ്വ് ബാങ്കിന്റെ പ്രസ്തുത ഇടപെടൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വെയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽ വന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു. |
| (സി) | ഇത്തരം നടപടികൾക്ക് എതിരെ നിയമനടപടികൾക്കായി സുപ്രീം കോടതിയെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ബഹു.സുപ്രീംകോടതിയെ സമീപിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ